പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം- 3451 25-06-2012- ൽ മറുപടിയ്ക്ക്.

## ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. റ്റി.എൻ. പ്രതാപൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

എ) സംസ്ഥാനത്ത് ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണം വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

ബി) ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

സി) ഇതിനു വേണ്ടി ഗുണ്ടാ നിയമം കാര്യക്ഷമമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

എ) ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ക്വട്ടേഷൻ ഗുണ്ടാ പ്രവർത്തനങ്ങൾ തടയുന്നതിനായി സ്ഥിരം സമാധാന ലംഘനങ്ങളിൽ ഏർപ്പെടുന്നവർക്ക് എതിരെ 107 CrPC, Sec.3 of KAAPA Act പ്രകാരം കരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ ജില്ലാ സ്പെഷ്യൽ ബ്രാഞ്ചുകൾ തുടർച്ചയായി നിരീക്ഷിച്ചു വരുന്നുണ്ട്.

2007- ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രസ്തുത നിയമത്തിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. കരുതൽ തടങ്കലിന്റെ കാലാവധി നിലവിൽ ആറുമാസം എന്നുള്ളത് ഒരു വർഷമാക്കി ഉയർത്തുന്നതിനും മണി ചെയിൻ തട്ടിപ്പ് പോലുള്ള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ കൂടി പ്രസ്തുത നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് പ്രധാനമായും പരിഗണനയിലുള്ളത്.

സെക്ഷൻ ഓഫീസർ